(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊല്ലങ്കോട് പഞ്ചായത്തിൽപ്പെട്ട ചില കുടുംബങ്ങൾക്കാണ് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കോളനി നിവാസികളുടെ ജാതി നിർണ്ണയം നടത്തുന്നതിനുവേണ്ടി കിർത്താഡ്സ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

ആദിവാസി മിഷൻ റിപ്പോർട്ട്

287 (635) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി മിഷൻ ഏറ്റവും ഒടുവിൽ റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി പുനരധിവാസ വികസന മിഷൻ ഏറ്റവും ഒടുവിലായി കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മാർച്ച് 2015-ന് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ആദിവാസി പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

288 (636) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വിശദീകരിക്കാമോ ; പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം പദ്ധതികൾ ഏതെല്ലാം ഊരുകളിൽ പൂർത്തിയാക്കിയെന്നും ഓരോ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഊരുകളിൽ എന്തെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കാത്തതും നടപ്പാക്കാത്തതുമായി ഉണ്ടെന്നും വിവരിക്കാമോ ; പ്രസ്തുത ഇനത്തിൽ ചെലവഴിക്കാൻ ബാക്കി എത്ര രൂപ ശേഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31വരെ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I, II എന്നിവയിൽ ചേർത്തിട്ടുണ്ട്.* ആദിവാസി പുനരധിവാസ മിഷന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 20 കോടിരൂപയിൽ 19,99,14,033 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷം പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.*

(സി) 2014-15 വർഷം തുക അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം -2 ൽ ചേർത്തിട്ടുണ്ട്.* ഇതിൽ ക്രമനമ്പർ (2) ൽ ചേർത്തിരിക്കുന്ന ആറളം റെയിൽ ഫെൻസിംഗ് പദ്ധതിക്കായി ഇനിയും 2,62,80,000 രൂപ നൽകുവാനുണ്ട്. ആയത് 2015-16 വർഷം ചെലവഴിക്കുന്നതാണ്.

ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

289 (637) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ചും ആദിവാസിക്ഷേമ പദ്ധതി നടത്തിപ്പിലെ വീഴ്ചകളെക്കുറിച്ചും ദേശീയ മനുഷ്യവകാശ കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നോ ;

(ബി) എങ്കിൽ അതിന് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

875/17

LIBRARY ARCHIVES Kerala Legislative Assembly